ഡി. ആർ. ഡി. എ.-കളുടെ ഇപ്പോൾ പ്രവർത്തിക്കുന്ന ഗവേണിംഗ് ബോഡികൾ

69 [5944] ശ്രീ. കളത്തിൽ അബ്ദുള്ള:
" പി. കെ. കെ. ബാവ:
" വി. കെ. ഇബ്രാഹിംകുഞ്ഞ്:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. ആർ. ഡി. എ.-കളുടെ ഗവേണിംഗ് ബോഡികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഡി.ആർ.ഡി.എ.-കളിൽ എം.എൽ.എ.-മാരെ പ്രത്യേക ക്ഷണിതാക്കളായി വിളിക്കുമോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഡി. ആർ. ഡി. എ. - കളിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റുമാരെ ഉൾപ്പെടുത്തി ഡി.ആർ.ഡി.എ. ജനറൽ കൗൺസിൽ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) എം. എൽ. എ.-മാരെ കൂടി ഉൾപ്പെടുത്തി ഡി.ആർ.ഡി.എ.-കളുടെ ഗവേണിംഗ് ബോഡി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(സി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഡി.ആർ.ഡി.എ.-കൾക്ക് ഒരു ജനറൽ കൗൺസിൽ രൂപീകരിക്കുവാൻ വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല. ഡി.ആർ.ഡി.എ.-കളുടെ ഗവേണിംഗ് ബോഡിയിൽ ജില്ലയിലെ മൂന്നിൽ ഒന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരേയും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒരു പ്രതിനിധിയേയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

ബ്ലോക്കുകളിൽ നടപ്പാക്കുന്ന നീർത്തട വികസന പദ്ധതികൾ

70 [5945] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അവയുടെ ഓരോന്നിന്റേയും പേരുവിവരവും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ബ്ലോക്കിനും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) പേരാമ്പ്ര ബ്ലോക്കിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ പുരോഗതി അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകൾ

71 [5946] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈ വർഷം എത്ര രൂപ നൽകുകയുണ്ടായി;

(ബി) ഈ പദ്ധതി വഴി തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കപ്പെട്ട റോഡുകളുടെ ആകെ നീളം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷം പി. എം. ജി. എസ്. വൈ. പദ്ധതിയനുസരിച്ച് തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഈ പദ്ധതിയനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ നാല് ബ്ലോക്കുകളിലായി 29.410 കി. മീ. ദൈർഘ്യം വരുന്ന ഗ്രാമീണ റോഡുകളുടെ പണികൾ പൂർത്തിയായിവരുന്നു.

(സി) ഇപ്പോൾ നടന്നുവരുന്ന 29.410 കി. മീ. റോഡ് പണി പൂർത്തിയാക്കുന്നതിനോടൊപ്പം 2002-2003 വർഷത്തേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പാക്കേജിൽ നേമം ബ്ലോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള 6.630 കിലോ മീറ്റർ റോഡിന്റെ പണിയും ഈ വർഷംതന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly